**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 85** **06-10-2021 - ൽ മറുപടിയ്ക്ക്**

**എല്ലാ പട്ടികജാതി, പട്ടിക ഗോത്ര കുടുംബങ്ങൾക്കും വീട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. പി.പി. സുമോദ് | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് അഞ്ചുവർഷത്തിനുള്ളിൽ മുഴുവൻ പട്ടികജാതി, പട്ടിക ഗോത്ര കുടുംബങ്ങൾക്കും വീട് നൽകുമെന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം നേടുന്നതിന് വേണ്ടി നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | നവകേരള മിഷന്റെ ഭാഗമായ ലൈഫ് മിഷൻ പദ്ധതി മുഖേനയാണ് സംസ്ഥാനത്തെ മുഴുവൻ പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും വീട് അനുവദിച്ചു നൽകുന്നത്. ഇതിന് പുറമെ, പട്ടികവർഗ്ഗക്കാർക്ക് ലാന്റ് ബാങ്ക് പദ്ധതിയിലൂടെ ഭൂമി വാങ്ങി നൽകിയും ആദിവാസി പുനരധിവാസ മിഷൻ മുഖേന വീട് നൽകിയും പുനരധിവസിപ്പിക്കുന്നുണ്ട്. അഞ്ച് വർഷത്തിനുള്ളിൽ അർഹരായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ടി പദ്ധതികളിലൂടെ വീട് ലഭ്യമാക്കുവാൻ കഴിയുന്ന വിധമാണ് പദ്ധതിയുടെ പ്രവർത്തനം നടന്നു വരുന്നത്. ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ലൈഫ് മിഷൻ തയ്യാറാക്കിയ ഭൂമിയുള്ള ഭവനരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ട 22,224 പട്ടികജാതിക്കാരിൽ 12,985 പേരെ ഭവന നിർമ്മാണത്തിന് അർഹരെന്ന് കണ്ടെത്തിയിരുന്നു. അവരിൽ 12,147 ഗുണഭോക്താക്കൾ വീടിന്റെ നിർമ്മാണം ആരംഭിക്കുകയും 9,931 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ലൈഫ് മിഷൻ മൂന്നാം ഘട്ടത്തിൽ ഭൂമിയില്ലാത്ത ഭവനരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ട 7,241 പട്ടികജാതിക്കാരിൽ 5,117 ഗുണഭോക്താക്കൾ വീടിന്റെ നിർമ്മാണം ആരംഭിക്കുകയും 1,934 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്വന്തമായി ഭൂമിയില്ലാത്ത ഭവനരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭവന സമുച്ചയങ്ങൾ നിർമ്മിച്ചു നൽകുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. ലൈഫ് മിഷൻ തയ്യാറാക്കിയ ലിസ്റ്റിലും അഡീഷണൽ ലിസ്റ്റിലും ഉൾപ്പെട്ടവർ ഉൾപ്പെടെയുള്ള 1,50,000 പട്ടികജാതി ഗുണഭോക്താക്കൾക്ക് അടുത്ത 5 വർഷത്തിനുള്ളിൽ |

| | | | |
|---|---|---|---|
| | | | ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടിയും ലൈഫ് മിഷൻ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | മറ്റ് ജനവിഭാഗങ്ങളുടെ കാര്യത്തിൽ നിന്നും വ്യത്യസ്തമായി പട്ടിക ഗോത്രങ്ങളിൽപ്പെട്ടവർക്ക് അനുവദിച്ച വീടുകളിൽ മൂന്നിലൊന്നിൽ താഴെ എണ്ണം മാത്രമേ നിർമ്മാണം പൂർത്തിയായിട്ടുള്ളൂവെന്ന കാര്യം പരിഗണിച്ച് ഇത് പരിഹരിക്കാൻ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുമോ; | (ബി) | ലൈഫ് മിഷൻ 2-ാം ഘട്ടത്തിൽ (ഭൂമിയുള്ള ഭവനരഹിതർ) അർഹരെന്ന് കണ്ടെത്തിയ 3,556 പട്ടികവർഗ്ഗ ഗുണഭോക്താക്കളിൽ, വിവിധ കാരണങ്ങളാൽ എഗ്രിമെന്റ് വച്ചിട്ടില്ലാത്ത 176 പേരൊഴിച്ച് 3,380 പേർക്ക് വീട് അനുവദിച്ചതിൽ 2,748 പേർ (81.30%) ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്നവയുടെ നിർമ്മാണം പുരോഗമിച്ചു വരികയാണ്. ലൈഫ് മിഷന്റെ പ്രാരംഭ പട്ടികയിലുൾപ്പെടാത്തതും എന്നാൽ ശോചനീയാവസ്ഥയിലുള്ള വീടുകളിൽ താമസിക്കുന്നതുമായ 16,070 പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ പട്ടിക ലൈഫ് മിഷന് കൈമാറിയിരുന്നു. അതിൽ 10,916 പേരുടെ അർഹത ലൈഫ് മിഷൻ അംഗീകരിക്കുകയും 5,177 പേർ കരാർ വയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇവയുടെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ /പട്ടികവർഗ പ്രൊമോട്ടർമാർ എന്നിവരുടെ മേൽനോട്ടവും ഉറപ്പുവരുത്തിയിട്ടുണ്ട്. |
| (സി) | ലൈഫ് മിഷന്റെ അർഹത ലിസ്റ്റിൽ ഉൾപ്പെടാത്തതും എന്നാൽ വാസയോഗ്യമല്ലാത്ത വീടുകളിൽ കഴിയുന്നവരുമായ പട്ടികജാതി, പട്ടിക ഗോത്രങ്ങളിൽപ്പെട്ട കുടുംബങ്ങളുടെ കണക്ക് ലഭ്യമാണോ; ഇവരെക്കൂടി അർഹത ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | പട്ടികവർഗ്ഗ വികസന വകുപ്പ് ലൈഫ് മിഷന്റെ അർഹതാ ലിസ്റ്റിൽ ഉൾപ്പെടാത്തതും എന്നാൽ ശോച്യമായ വീടുകളിൽ താമസിക്കുന്നതുമായ 16,070 പട്ടിക വർഗ്ഗക്കാരെ വകുപ്പ് നടത്തിയ സർവ്വേ പ്രകാരം കണ്ടെത്തുകയും, ടി ലിസ്റ്റ് തുടർ നടപടികൾക്കായി ലൈഫ് മിഷന് കൈമാറുകയും ചെയ്തിട്ടുണ്ട്. ആയതിൽ ലൈഫ് മിഷൻ അർഹരെന്ന് കണ്ടെത്തിയ 12,931 പേരിൽ 10,916 പേരെ ലൈഫ് മിഷൻ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് ലൈഫ് മിഷൻ തയ്യാറാക്കിയ ഭൂരഹിത ഭവനരഹിതരുടെയും, ഭൂമിയുള്ള ഭവനരഹിതരുടെയും ലിസ്റ്റിൽ ഉൾപ്പെടാതെ പോയ അർഹരായ പട്ടികജാതിവിഭാഗക്കാരെ കൂടി ലൈഫ് മിഷനിൽ ഉൾപ്പെടുത്തുന്നതിനായി വകുപ്പ് കണ്ടെത്തിയ 36399 ഭൂരഹിത ഭവനരഹിതരുടെയും, 49105 ഭൂമിയുള്ള ഭവനരഹിതരുടെയും പട്ടിക ലൈഫ് മിഷൻ കൈമാറിയിട്ടുണ്ട്. ആയതിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അർഹത പരിശോധിച്ച് 21773 ഭൂരഹിത ഭവനരഹിതരേയും, 35078 ഭൂമിയുള്ള ഭവനരഹിതരേയും കൂടി ലൈഫ് മിഷൻ അഡീഷണൽ ലിസ്റ്റായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവർക്കും വാസയോഗ്യമായ വീട് നിർമ്മിക്കുന്നതിന് 4 |

| | | | |
|---|---|---|---|
| | | | ലക്ഷം രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നതിന് ലൈഫ് മിഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ